# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *374 19.10.2016-ൽ മറുപടിയ്ക്ക്

### കന്നുകാലി വളർത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.ബഷീർ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കന്നുകാലി വളർത്തൽ ലാഭകരമല്ലാത്തതു കൊണ്ട് കർഷകർ ഈ തൊഴിലിൽ നിന്നും പിൻമാറിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നെല്ലുകൃഷിയുടെയും മറ്റ് കൃഷിയുടെയും ഗണ്യമായ കുറവ്,നഗരവൽക്കരണംമൂലം കന്നുകാലികൾക്ക് മേച്ചിൽസ്ഥലങ്ങൾ ഇല്ലാത്ത അവസ്ഥ, കാലിത്തീറ്റയുടെ അടിയ്ക്കടിയുള്ള വില വർദ്ധനവ്, പുല്ല്, വൈക്കോൽ മുതലായ തീറ്റ സാധനങ്ങളുടെ ലഭ്യതകുറവ്,കാലിത്തീറ്റയുടെ വിലവർദ്ധനയ്ക്ക് ആനുപാതികമായി പാലിന്റെ വില വർദ്ധിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ കർഷകർ കന്നുകാലി വളർത്തൽ തൊഴിലിൽ നിന്നും പിന്മാറികൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ചെറുകിട കർഷകരുടെ ഈ മനോഭാവം മാറ്റിയെടുക്കാനും കൂടുതൽ പേരെ കന്നുകാലി വളർത്തലിലേക്ക് ആകർഷിക്കാനുമായി എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) ചെറുകിട കർഷകരുടെ ഈ മനോഭാവം മാറ്റിയെടുക്കാനും കൂടുതൽ പേരെ കന്നുകാലി വളർത്തലിലേയ്ക്ക് ആകർഷിക്കാനുമായി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കന്നുക്കുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി,കാഫ് അഡോപ്ഷൻ പ്രോഗ്രാം,ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ നൽകുന്ന പദ്ധതി , മൃഗാശുപത്രികൾ വഴി മിനറൽ മിക്സ്ചർ വിതരണം ചെയ്യുന്ന പദ്ധതി, 24 മണിക്കൂർ മൃഗചികിത്സാ സേവനം എന്നിവ.<br>കൂടുതൽ പേരെ കന്നുകാലി വളർത്തലിലേയ്ക്ക് ആകർഷിക്കാനായി സമഗ്രമായ ഒരു കന്നുകാലി ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.<br>സംസ്ഥാനത്തെ 95% കന്നുകാലിസമ്പത്തും സങ്കരയിനത്തിൽ ഉള്ളവയാണ്. ഇവയ്ക്ക് ഉല്പാദനക്ഷമത കൂടുതലാണെങ്കിലും രോഗപ്രതിരോധശേഷി കുറവാണ്. അതിനാൽ തന്നെ കർഷകർക്ക് കന്നുകാലികളുടെ മരണം, രോഗം എന്നിവ മൂലം ഉണ്ടാകുന്ന സാമ്പത്തിക |

| | | |
|---|---|---|
| | | നഷ്ടസാധ്യതയും കൂടുതലാണ്. ഈ സാഹചര്യത്തിൽ സമഗ്രമായ ഒരു കന്നുകാലി ഇൻഷ്വറൻസ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.<br>ദേശീയ കന്നുകാലി മിഷന്റെ കീഴിൽ(എൻ.എൽ.എം) കേന്ദ്രസർക്കാരിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 4.5 ലക്ഷം കറവപശുക്കളെ സമഗ്രകന്നുകാലി ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ നിന്നും 1.03 കോടി രൂപ ലഭിച്ചിരുന്നു. ഈ തുക വളരെ പരിമിതമാണ്. അധികതുകയ്ക്കായി കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | സംസ്ഥാനത്തെ ചെറുകിട കന്നുകാലി കർഷകരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | സി) സംസ്ഥാനത്തെ മുഴുവൻ ക്ഷീര-പൗൾട്രി കർഷകരുടെ എണ്ണം ശേഖരിക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്ട്രേഷൻ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ